

# ചങ്ങാതി

പുതിയങ്ങാടി ജമാഅത്ത് ഹയർ
സെക്കൻഡറി സ്കൂൾ
ഡിജിറ്റൽ മാഗസിൻ
2018-19

# ഉള്ളടക്കം


കൈ കോർക്കാം..........................................................................4
നാളെയുടെ രക്ഷയ്ക്കായ്..........................................................................4
ഭൂകമ്പം..........................................................................6
എന്റെ വിദ്യാലയം..........................................................................9
ചരിത്രമുറങ്ങുന്ന കണ്ണൂർ..........................................................................11
ഉള്ളൂർ എസ് പരമേശ്വരയ്യർ..........................................................................14
കിനാവ്..........................................................................15
മനുഷ്യൻ..........................................................................16
കടങ്കഥകൾ..........................................................................21
അമിത സ്നേഹം..........................................................................22
മികവ്..........................................................................26
ജീവചരിത്രം..........................................................................29
മനുഷ്യനെ കവരുന്ന ലഹരി..........................................................................30
*ശത്രുക്കളല്ല ശത്രുക്കളാകുന്നത്*..........................................................................*32*
ജോർജ് സൈമൺ ഓം..........................................................................33
പ്രതീക്ഷകൾ മങ്ങുകയാണ്..........................................................................34

"ചങ്ങായി" എന്ന വാക്കിന് കൂട്ട് എന്നാണ് അർത്ഥം. പുതിയങ്ങാടി ജമാഅത്ത് ഹയർ സെക്കൻഡറി സ്കൂളിന്റെ അക്ഷര മുറ്റത്തെ ഞങ്ങൾക്കിടയിലെ ഇണക്കങ്ങളും പിണക്കങ്ങളും സുഖവും ദുഖവും പല രൂപത്തിൽ രേഖപെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ സംരമ്പം എന്ന നിലയിൽ ഒട്ടേറെ പരിമിതികൾ നേരിട്ടുണ്ട്. എങ്കിലും പരിമിതികൾക്കകത്തു നിന്ന് കൊണ്ട് പരമാവധി ഗൗരവത്തോടു കൂടിയാണ് കുട്ടികൾ ഓരോ രചനയും നടത്തിയിരിക്കുന്നത്. സഹകരിച്ച എല്ലാവർക്കും നന്ദി രേഖപെടുത്തുന്നു.

എഡിറ്റർ

# കൈ കോർക്കാം

# നാളെയുടെ രക്ഷയ്ക്കായ്....



പ്രകൃതിയുമായുള്ള മനുഷ്യന്റെ ബന്ധം അഭേദ്യമാണ്. അവന്റെ പാർപ്പിടം, വസ്ത്രം, ഭക്ഷണം, വിദ്യാഭ്യാസം, സംസ്കാരം, കൃഷി, വ്യവസായം തുടങ്ങിയ മേഖലകളും എല്ലാ പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ടതാണ്. ഇതെല്ലാം ഉൾക്കൊള്ളുന്ന വിശാലമായ ഒരർത്ഥം പരിസ്ഥിതി എന്ന നാലക്ഷരത്തിൽ ഒതുങ്ങിയിരിക്കുന്നു. ആകാശവും ഭൂമിയും അതിലെ സർവ്വചരാചരങ്ങളും ദൈവം സൃഷ്ടിച്ചിട്ടുള്ളത് മനുഷ്യ ജീവിതം സുഖകരവും ധന്യമാക്കാനുമാണ്. ഇത്തര സൃഷ്ടികളിൽ നിന്ന് അവൻ ശ്രേഷ്ഠനായിട്ടുള്ളതും അതുകൊണ്ടുതന്നെ. ഭൂമിയിൽ ജനജീവിതവും അവരുടെ ആഗ്രഹാഭിലാഷങ്ങളും വികസിക്കുന്നു എന്നത് വസ്തുതയാണ്. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയിട്ടുള്ള ഒരാൾക്ക് ഒരിക്കലും തന്നെ അവന്റെ പരിസ്ഥിതി നശിപ്പിക്കാനോ മലീമസമാക്കുവാനോ സാധിക്കുകയില്ല , മറിച്ച് അതിന്റെ സംരക്ഷകനായിരിക്കും അവൻ. ഭൂമിയിൽ നിങ്ങൾ നാശമുണ്ടാക്കരുത് എന്ന് ദൈവം മനുഷ്യരോട് പണ്ടേ പറഞ്ഞിട്ടുണ്ട് (ഖുർആൻ). ശുദ്ധമായവണ്ണം വായുവും വെള്ളവും നിലനിർത്തുവാനായിരിക്കും അവന്റെ പരിശ്രമം. മണ്ണ് ഒലിച്ചുപോകുന്നതും മലിനജലം കെട്ടിനിൽക്കുന്നതും മനുഷ്യന്റെ ആരോഗ്യത്തെയും നിലനിൽപ്പിനേയും ബാധിക്കുന്നു. അനേകം രോഗങ്ങൾക്കും മാറാവ്യാധികൾക്കും കാരണമാകുന്ന കൊതുകുകളുടെ വളർത്തുകേന്ദ്രം മലിനജലമാകുന്നു. അതിന് നിവാരണമുണ്ടാക്കുന്ന പല പദ്ധതികളും പരാജയപ്പെടുന്നത് മനുഷ്യനെ ബോധവൽക്കരിക്കാത്തത് കൊണ്ടാകുന്നുവെന്ന് വേണം പറയാൻ.




മനുഷ്യ ശരീരത്തിൻെറ വളർച്ചക്ക് പ്രോട്ടീൻ നൽകുന്ന ആഹാരത്തിന് നാം ആശ്രയിക്കുന്നത് കന്നുകാലികളുടെ മാംസവും ചെടികളിൽ നിന്നുള്ള പഴവർഗങ്ങളുമാണല്ലോ. രോഗം പിടിച്ച കന്നുകാലികളുടെ മാംസം ഭക്ഷിച്ചും രാസവളം ചേർത്ത ചെടികളിൽ നിന്നുണ്ടാകുന്ന പഴവർഗങ്ങൾ കഴിച്ചും എത്രയെത്ര മനുഷ്യരാണ്

അകാലചരമം പ്രാപിച്ചത്. അതിനാൽ കാർബൺഡൈയോക്സൈഡും ഓക്സിജനും സന്തുലിതാവസ്ഥ പ്രാപിക്കുവാനായി ചെടികൾ നട്ടുപിടിപ്പിച്ച് മനുഷ്യൻെറയും കന്നുകാലികളുടെയും ആരോഗ്യകരമായ വളർച്ചയ്ക്കൊതുങ്ങുന്ന വിധം പരിസരം ശുദ്ധമാക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടിയിരിക്കുന്നു. മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കാവശ്യമായ ഗ്ലൂക്കോസ് സൂര്യ പ്രകാശത്തിലൂടെയുള്ള കെമിക്കൽ പ്രവർത്തനത്തിൽ നിന്നാണ് ലഭിക്കുന്നത്. അതിനാൽ കൃഷിയുടേയും ചെടികളുടേയും വളർച്ചയ്ക്ക് സൂര്യപ്രകാശം എത്രത്തോളം വിലമതിക്കുന്നതാണെന്ന് പറയേണ്ടതില്ല പ്രകൃതിയുടെയും പരിസ്ഥിതിയുടെയും സംരക്ഷണം മനുഷ്യൻെറ സംരക്ഷണത്തിന് വേണ്ടിയാണെന്ന് സാരം. പരിസരം മലീമസമാക്കുന്ന ഒരു പ്രധാന ഘടകമാണ് ധൂർത്ത്. നാം കഴിക്കുന്ന ഭക്ഷണ പാനീയങ്ങളിൽ അമിതമായി വരുന്ന എച്ചിലുകൾ ലാഘവത്തോടെ വലിച്ചെറിയരുത്. അത് കുഴിച്ച് മൂടുകയോ കത്തിച്ച് കളയുകയോ ചെയ്യണം. ചുരുക്കത്തിൽ വെള്ളവും വായുവും മണ്ണും വൃത്തികേടാക്കാതെ സൂക്ഷിച്ചാൽ മനുഷ്യ ജീവിതത്തെ ഭീഷണിപ്പെടുത്തുന്ന പരിസ്ഥിതി മലിനീകരണത്തിൽ നിന്ന് നമുക്ക് രക്ഷ പ്രാപിക്കാം.

അശ്വനി സുനിൽകുമാർ
IX H

# ഭൂകമ്പം




ഭൂമി കുലുങ്ങുന്നു
അതിക്രോധത്തോടെ
അതിന്റെ എല്ലാ തീവ്രതയോടെയും
അത് ആടിത്തിമിർക്കുന്നു



ഒരു മുന്നറിയിപ്പുമില്ലാതെയാണ്
അതിന്റെ താണ്ഡവം!
നൂറ്റാണ്ടുകളുടെ ചരിത്രമുള്ള
സൗധങ്ങളും വീഥികളും
ഞൊടിയിടയിൽ അപ്രതീക്ഷിതമായി
ദയനീയമായി പോലും ഒന്നു നോക്കാൻ

കണ്ണുകൾക്ക് ശക്തിയില്ലാതാകുന്ന

ഈ മനോഹരമായ ഭൂമിയിൽ

ആഢംബരത്തോടെ പച്ചക്കൊടിയും

കാട്ടി നടന്നവർ,ഇപ്പോൾ

ഇതേ ഭൂമിയിൽ

ജീവിതത്തിന്റെ പൊരുൾ നഷ്ടപ്പെട്ട് ഉഴലുന്നു.

ഈ നഷ്ടപ്പെടലിനും കഷ്ടപ്പെടലിനും

ഉത്തരവാദി ആരാണ്..?

മറ്റാരുമല്ല

നമ്മൾ തന്നെ!



ഹിബ ആയിഷ

IX. A

# നാട്ടുവഴിൽകണ്ടത്



നന്മകളാൽ സമൃദ്ധമായിരുന്ന നമ്മുടെ നാട്. നാടിൻെ

പശിയടക്കിയിരുന്ന വയലും മാവും പിതാവും ഫലവൃക്ഷങ്ങളും

ദാഹമകറ്റിയിരുന്ന അരുവികളും

നീർത്തടങ്ങളും കുളിരോലും തണലാൽ അനുഗ്രഹം

ചൊരിഞ്ഞിരുന്ന

തരുനിരകളും അപ്രത്യക്ഷമായികഴിഞ്ഞിരികുന്നു.

മണ്ണറിഞ്ഞ്, കാലമറിഞ്ഞ്, കാലാവസ്ഥയറിഞ്ഞ്, വിതയ്ക്കുവാനും

വിളവെടുക്കുവാനുമായി തലമുറകൾ കാത്തുസൂക്ഷിച്ച വിത്തുകളും നാട്ടറവുകളും കളഞ്ഞും

പോയിരിക്കുന്നു.

കൊണ്ടും കൊടുത്തും സാമൂഹ്യബന്ധങ്ങൾ ഊട്ടിയുറപ്പച്ചിരുന്ന,

സർഗ്ഗചോദനകളെ പരിപോഷിപിച്ചിരിക്കുന്ന പൊതുഇടങ്ങളും

മാനുപോയിരിക്കുന്നു.



മണ്ണുകൊണ്ടും മണ്ണിൽനിന്നും ഉരുവം കൊണ്ടവ ഉപയോഗിച്ചും മൺപാത്രങ്ങളും ഓലകുടകളും കുട്ട,വട്ടി, മുറങ്ങളും പുൽപായയും കൈതോലപായയും മെനഞ്ഞെടുത്തിരുന്ന കുഞ്ഞനുവേട്ടന്റെ പാറുവേട്ടത്തിയുടെയും കാരിച്ചിയമ്മയുടെയും കരവിരുതിൻെ ഗ്രാമനന്മയും ഓർമ്മകൾ മാത്രമാണിത്.

നാരങ്ങാഅച്ചാറും മാമ്പഴപ്പുളിശ്ശേരിയും അയലക്കറിയും ചക്കപ്രദമനും കൊതിയൂറും ഗന്ധം പരത്തിയിരുന്ന അടുക്കക്കളപോലും നമുക്ക് അന്യമായികൊണ്ടിരിക്കുകയാണ്.

എബിൻ .കെ

IX.A

# എന്റെ വിദ്യാലയം

മാതാപിതാഗുരുദൈവമെന്ന
പാഠം പഠിപ്പിച്ച വിദ്യാലയം
അറിവിന്റെ ആദ്യാക്ഷരം പകർന്നുതന്ന
അക്ഷരഗുരുകുലമെൻ വിദ്യാലയം
ഭാവിതൻ മക്കളെ വാർത്തെടുക്കുന്ന
നന്മതൻ വിദ്യാലയം
ഗുരുശിഷ്യബന്ധം അനശ്വരമാക്കുന്ന
മാതൃകാ സ്നേഹാലയം
എന്റെ വിദ്യാലയം
ഒരു ജാതി ഒരു മതം ഒരു ദൈവമെന്ന
പാഠം ചൊല്ലിപഠിപ്പിച്ച
എന്റെ വിദ്യാലയം
കളിചിരികളാൽ സമ്പന്നമാണെന്റെ കലാലയം
അറിവിൻ നിറകുടം വിദ്യാലയം
എന്നെ നാനാക്കിയ കലാലയം
സൗഹൃദമെന്ന വാക്കിന് ജീവൻ വെച്ചതും
ജീവിതമാകുന്ന പ്രയാണത്തിലേക്കുള്ള
ചിറകുമുളച്ചതും ഇവിടെ വച്ച്
ഓർക്കാം ഈ തിരുമുറ്റത്തെ
നമിക്കാം നമ്മുടെ ഗുരുക്കൻമാരെ........

**അമൃത.കെ**

**IX-B**

# പ്രാവ്

ചെറുപ്പകാലം മുതൽ തന്നെ നാം നമ്മുടെ നാട്ടിൻ പുറങ്ങളിൽ സ്ഥിരമായി കണ്ടുവരുന്ന പക്ഷികളുണ്ടല്ലോ? കോഴി , കാക്ക മൈന പ്രാവ് തത്ത കിളികൾ തുടങ്ങിയ പക്ഷികളെ അറിയാത്തവർ ആരും തന്നെ ഉണ്ടാകില്ലല്ലോ?
അവയിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നവയാണ് പ്രാവുകൾ. പലയിനം പ്രാവുകളുണ്ട് . മാടപ്രാവ്, മുതിന കന്യാസ്ത്രീ, വിശറി. മാടപ്രാവുകളെ അംബല പ്രാവുകൾ എന്നും വിളിക്കാറുണ്ട് . അംബല പ്രാവുകൾക്ക് ചില പ്രത്യേകതകളുണ്ട് . വന്യമായി വളരുന്നവയാണെങ്കിലും നമ്മുടെ വീടുകലിൽ വളർത്തുന്ന സാധാരണ വളർത്തുപ്രാവുകളുമായി അവ ഇണചേരുകയും കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു.


– അശ്വിൻ IX.G

# ചരിത്രമുറങ്ങുന്ന കണ്ണൂർ



കണ്ണൂർ.... ഈ മണ്ണിൽ ചരിത്രവും ഐതിഹ്യകഥകളും വേർതിരിച്ചറിയാനാവാത്ത വിധം കെട്ടുപിണഞ്ഞു കിടക്കുന്നു. പ്രോജ്വലമായ ഗതകാലസ്മരണകൾ മൗനത്തിന്റെ വാത്മികത്തിൽ പൊതിഞ്ഞ് ഹൃദയത്തിൽ സൂക്ഷിക്കുന്ന നഗരമാണ് കണ്ണൂർ.

പ്രകൃതിയുടെയും ചരിത്രത്തിന്റെയും സുഗതാക്ഷരങ്ങൾ കാറ്റിൽ ലയിച്ച് സാന്ദ്രമാകുന്ന കണ്ണൂരിന്റെ സാഗരതീരങ്ങൾ, പുഴകൾ, പച്ച പുതച്ച നെൽപാടങ്ങൾ, നിബിഡമായ കേരവൃക്ഷത്തോട്ടങ്ങൾ ഈ നാടിന് പ്രകൃതി രമണിയമായ ദൃശ്യ പശ്ചാത്തലമൊരുക്കിയിരിക്കുന്നു. വിനോദ സഞ്ചാരികളുടെ സ്വപ്നത്തീരമായ പയ്യാമ്പലം കടൽത്തീരം. 14-ാം നൂറ്റാണ്ടിൽ കേരളം സന്ദർശിച്ച ഇബ്ന-ബത്തൂത്ത സമൃദ്ധിയുടെ നാടെന്ന് അറിയട്ടിരുന്ന വളപട്ടണം സന്ദർശിച്ചിരുന്നു.വളപട്ടണത്തിന്റെ വാണിജ്യപ്രശസ്തി വിശ്വ പ്രസിദ്ധമാണ്. പ്രകൃതി ദത്തമായ തുറമുഖമെന്ന നിലയിൽ അഴിമുഖം പഴയക്കാലത്ത് സജീവമായിരുന്നു.



കേരളത്തിലെത്തിയ പോർച്ചുഗീസ് പ്രമാണിയായ ഫ്രാൻസിസ്കോ അൽമേഡ കണ്ണൂരിൽ സെൻെറ ആഞ്ചലോസ് കോട്ടക്ക് അടിത്തറ പാകി. അനന്തമായ അലയാഴിയുടെ നിതാന്ത ഗംഭീര തരംഗഘോഷങ്ങൾ പശ്ചാത്തലത്തിലുള്ള ഈ കോട്ടയുടെ ഗതകാലം.

അയന വേണുകുമാർ

IX.A

# മനസ്സിന്റെ താക്കോൽ

മനസ്സിലെ അഗ്നിപർവ്വതം
പൊട്ടിത്തെറിച്ചിരിക്കുന്നു
ഉരുകിയൊലിക്കുന്ന ലാവാപ്രവാഹങ്ങൾക്കൊപ്പം
ഓർമ്മകളും കത്തിയെരിഞ്ഞിരിക്കുന്നു
ഒരുനാൾ വിലമതിക്കാനാവാത്ത
ഓർമ്മകളായിരുന്നു അതൊക്കെ
ഇന്നിപ്പോൾ
ഓമനിക്കാൻ ഒന്നുമില്ലാതെ
മനസ്സും ഒറ്റപ്പെട്ടിരിക്കുന്നു
ഈ നൈര്യന്തരത്തിൽ
വീണ്ടും പുനർജനിക്കുന്ന
ഓർമ്മകളെ താഴിട്ടുപൂട്ടാൻ
എവിടെ മനസ്സിന്റെ താക്കോൽ...?
അതും സ്ഫോടനത്തിൽ എന്നോ കൈമോശം
വന്നിരിക്കുന്നു.

ഹിബ ആയിഷ
IX.A

## ഉള്ളൂർ എസ് പരമേശ്വരയ്യർ



1877 ൽ ചങ്ങനാശ്ശേരിയിൽ ജനനം . കവി, സാഹിത്യചരിത്രകാരൻ, ഗവേഷകൻ, നിരൂപകൻ, പത്രാധിപൻ തിരുവിതാംകൂർ ഗവൺമെൻറിലെ ദിവാൻപേഷ്കാർ തുടങ്ങിയ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. ഉമാകേരളം(മഹാകാവ്യം), കേരളസാഹിത്യചരിത്രം(5 ഭാഗങ്ങൾ), കർണഭൂഷണം, പിംഗള, ചിത്രശാല, താരാഹാരം, തരംഗിണി, കൽപശാഖി, അമൃതധാര, അംബ മുതലായ കൃതികൾ രചിച്ചു.1949 ൽ നിര്യാതനായി.

Karthik
9th H

# കിനാവ്

കുരുത്തോല കൊണ്ടു ഞാനെൻ
കിനാവിൽ നിന്നും
ഒരു നല്ല കിളിച്ചന്തം മെടഞ്ഞുണ്ടാക്കി
അതിലെന്റെ ഹൃദയം
ഞാൻ ഒളിച്ചുവച്ചു
അതിനൊന്നു മിടിക്കുവാൻ
ഇടം കൊടുത്തു
ഇളം ചുണ്ടുകൾക്ക് സ്വയം
മറന്നു പാടാൻ
മുളന്തണ്ടിൻ മധുവൂറും
സ്വരം കൊടുത്തു
അകലെ അങ്ങാകാശം
നിറഞ്ഞു കാണാൻ
അകക്കണ്ണിൻ നിലാപക്ഷം കടം കൊടുത്തു

ആഷിക് മീനീഷ്
IX.B

# മനുഷ്യൻ

- വയലാർ

അന്നൊരു കിഴക്കൻകാ-
റ്റിതിലേ  കടന്നപ്പോ-
ളൊന്നു ചോദിച്ചു ;"നിങ്ങൾ
കണ്ടുവോ മനുഷ്യനെ ?"

അമ്പരന്നില്ലേ ലോകം ?
വിറച്ചു വിറച്ചു പോ
മന്തിതൻ മുഖമൊന്നു
കരിവാളിച്ചു വേഗം !

പൊൻപട്ടിൽപ്പൊതിഞ്ഞതാ
മർക്കന്റെ തിടമ്പുമായ്
അമ്പലം ചുറ്റിത്തിരി-
ഞ്ഞെത്തിയ പകലിനെ,

കൈമാടിവിളിച്ചുകൊ-
ണ്ടാണല്ലോ ചോദിച്ചതീ
കൈരാതപാരമ്പര്യം
പുലർത്തും ചോദ്യം തെന്നൽ ?

മാമരത്തലപ്പാഞ്ഞു
കുലുക്കി ; ജ്ജലാശയ ?
ഭീമഗർജ്ജനം കേട്ടു
ഞെട്ടാതെ പലവട്ടം

ചോദ്യമായ് വീണ്ടും തെന്നൽ
"നിങ്ങൾതൻ നാട്ടിൽപോരാ
മാദ്യമായ് 'മനുഷ്യനെ'-
ക്കാണിച്ചുതരാമെങ്കിൽ..!"

വഴിച്ചൂണ്ടികളുണ്ടു
പാതയിലവയ്ക്കല്ലേ
കഴി,വാ മനുഷ്യന്റെ
നാടൊന്നു ചൂണ്ടികാട്ടാൻ ?

അത്രമേലിരുണ്ടെന്നോ,
മനുഷ്യന്റെ കൊല
ക്കുത്തക കൈയേറ്റപ്പോൾ
വിശ്വമേ നിൻ സംസ്കാരം ?

ഉത്തരം കിട്ടീലത്രേ
തെന്നലി ; ന്നതിമാത്ര-
വിസ്ത്രുതമീ ലോകത്തി-
നില്ലെന്നോ വായ് മൂലകൾ ?

പുകഞ്ഞുപുകഞ്ഞിരുൾ-
ക്കൊൾകയാണെന്നോ ,നീണ്ട
പകലിൻ വിദ്യദീപ-
മേഖല കാണെക്കാണെ !

ആ രാവിൽ നടന്നതാം
വേട്ടയാടലിൽ,ച്ചോര-
യാറുകൾ നീന്തിപോന്ന
പകലിൻ വെളിച്ചങ്ങൾ

നാട്ടിൽ വെന്നിക്കൊടി
ക്കുറകൾ ഉലഞ്ഞാടി
നാട്ടിലെല്ലാടം പ്രാണ-
ഹർഷങ്ങൾ പകർത്തവേ,

ആ യാമശംഖസ്വനം
ത്യാഗത്തിൽ ജാതു മു-
ലാരവം - മറുപടി
നല്കി തെന്നലിനേവം :

"അകലെ സ്വാതന്ത്ര്യത്തെ-
ത്തുണ്ടുതുണ്ടാക്കിക്കീറാൻ
മൃഗരീതികൾ തീർക്കും
കുരുതിക്കളങ്ങിൽ

പ്രേമസാമ്രാജ്യത്തിന്റെ
ചരിത്രം രചിക്കുന്ന-
രാമരാജ്യോപാസക-
നുണ്ടൊരാൾ മനുഷ്യനായ്! "

മിൻഹ സുബൈർ
൭ I

# കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം




*വിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസം*

*വളരെയധികം പരിഗണിക്കേണ്ട ഒരു വിഷയമാണ്.*

*കാരണം കായിക പരിശീലനത്തിൽ നാം നമ്മുടെ*

*ശരീരത്തെ ശക്തിപ്പെടുത്തുന്നു. അതു മുഖേന*

*ശരീരഭാരം നിയന്ത്രിച്ച് കൊണ്ടുവരാൻ*

*സാധിക്കുന്നു. ശരീരം നമ്മുടെ നിയന്ത്രണത്തിൽ*

*വരുമ്പോൾ നമുക്ക് പോസിറ്റീവ് എനർജി ഉണ്ടാവു*

*ന്നു. ഇത് നമ്മെ പഠനത്തിൽ ശ്രദ്ധിക്കാൻ വളരെ*

*അധികം സഹായിക്കുന്നു. നാം കായിക പരിശീലന*

*ത്തിൽ ഏർപ്പെടുമ്പോൾ നമ്മുടെ എല്ലുകളും പേശി*

*കളും ബലമുള്ളതാകുന്നു. അതു മാത്രമല്ല*

*വ്യായാമം ചെയ്യുമ്പോൾ നമ്മുടെ ശരീരത്തിന്റെ*

*അനാവശ്യമായ കൊഴുപ്പുകൾ ഒഴിവാക്കാൻ പറ്റുന്നു*

*എന്നാണ് ശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ളത്. വിദ്യാല*

*യങ്ങളിൽ കായിക പരിശീലനമുള്ളതുകൊണ്ട്*

*നമുക്ക് കുട്ടികളുടെ ആരോഗ്യത്തിലും പഠന*

ത്തിലും നല്ല പുരോഗതിയാണ് കാണാൻ സാധിക്കുന്നത്.

വ്യായാമത്തിലേർപ്പെടുമ്പോൾ നമ്മുടെ ശരീര

ത്തിൽ രക്തയോട്ടം വർദ്ധിക്കുകയും അതുമുഖേന

ചിലയിടത്തുള്ള വേദനകൾക്ക് ആശ്വാസം ലഭിക്കു

കയും ചെയ്യുന്നു. ശരീരത്തിലുള്ള മാലിന്യങ്ങൾ

വിയർപ്പിലൂടെ പുറംതള്ളുന്നത് ഈ സമയത്താണ്.

നാം കായിക പരിശീലനത്തിലേർപ്പെടുന്നില്ലെങ്കിൽ

നമ്മൂടെ ശരീരത്തിൽ അനാവശ്യ കൊഴുപ്പുകൾ

അടിഞ്ഞുകൂടും. ഇങ്ങനെ വരുമ്പോൾ പ്രതി

രോധശക്തി കുറയുകയും നാം രോഗ ബാധിത

രാവുകയും ചെയ്യും. ആരോഗ്യമില്ലെങ്കിൽ നാം

ജീവിച്ചിട്ടെന്തുകാര്യം. ആരോഗ്യം ഉണ്ടാവണമെങ്കിൽ

നാം പ്രയത്നിക്കണം. അങ്ങനെയാവുമ്പോൾ നമ്മുടെ

പ്രതിരോധശക്തി കൂടുന്നു. രോഗങ്ങളില്ലാതെ

പൂർണ ആരോഗ്യവാന്മാരായി നമുക്ക് ജീവിക്കാനാ

വും. ഈ അവസ്ഥ പഠനമേഖലയിൽ കൂടുതൽ

ഉന്മേഷത്തോടെ മുന്നേറാൻ വിദ്യാർഥികളെ സഹാ

യിക്കും.

*Mufeed Ahmed Ali----9I*

# കടങ്കഥകൾ

*തിന്നാൽ ദഹിക്കില്ല,വെച്ചാൽ വേവില്ല,ഞാൻ ആര്?
*കണ്ണ് മൂന്നുണ്ട്,ഒന്നേ തുറക്കാനാവൂ....അതുകൊണ്ട് കരയാനേ കഴിയൂ... കാണാൻ ഭാഗ്യമില്ല.
*തിന്നില്ല ,കുടിക്കില്ല, തല്ലിയാൽ കരയും.
*സൂര്യനിലുണ്ട്,ചന്ദ്രനിലില്ല.ചിങ്ങത്തിലുണ്ട്, മിഥുനത്തിലില്ല.ഞാനാര്?
*കാക്കയും കോഴിയും തിന്നാത്ത വറ്റ് ഏത്?
*ചെറുപ്പത്തിൽ ഉടുത്തും നടക്കും
വലുപ്പത്തിൽ ഉടുക്കാതെ നടക്കും
*വള്ളി വള്ളി ആയിരം വള്ളി,വെള്ളത്തിലിട്ടാൽ
ഒരു വള്ളി?
*കാലിൽ പിടിച്ചാൽ തോളിൽ കയറും?
*എല്ലാം തിന്നും,എല്ലാം ദഹിക്കും,വെള്ളം കുടിച്ചാൽ ചത്തു പോകും,ഞാനാര്?
*ആദ്യം കുന്തം, പിന്നെ കുഴൽ ഒടുവിൽ പായ ?

ഉത്തരങ്ങൾ :-

* മുടി * തേങ്ങ * ചെണ്ട * സൂചി * ഉപ്പ് * തെങ്ങ്
*തലമുടി * കുട * തീ * വാഴയില

മുഹമ്മദ് അമീൻ എം
IX J

# അമിത സ്നേഹം



ഏഴിമലയുടെ സൗന്ദര്യം ഒപ്പിയെടുത്ത്
പടിഞ്ഞാറിന്റെ മാറിലേക്ക് സൂര്യൻ
ചാഞ്ഞു തുടങ്ങിയിരിക്കുന്നു.

പൂഴിമണലിൽ പന്തുകൾക്ക് പിന്നാലെ വീറും വാശിയും വിടാതെ മത്സരിച്ച് ഓടുന്ന കുറേ കൗമാരങ്ങൾ,കരിങ്കൽ കെട്ടിന് മുകളിലും കീഴെയുമായി ഒരു പറ്റം പിഞ്ചു ബാല്യങ്ങൾ, അവരിൽ കുറേ കണ്ണുകളിൽ പന്ത് കളിയിലെ കൗതുകവും ആവേശവും തുടിക്കുന്നതായി കാണാം. ചിലരുടെ കൈ കാലുകൾ കളിയുടെ വേഗതയ്ക്ക് അനുസരിച്ച് ചലിക്കുന്നുമുണ്ട്, ആർത്തുവിളിക്കുന്നതിലും ചിലർ മിടുക്ക് കാണിക്കുന്നു.

എന്നാൽ ചെറുപന്ത് തട്ടി ദിശയില്ലാതെ ഓടുന്നതിലും ലക്ഷ്യമില്ലാതെ വീഴുന്നതിലുമായിരുന്നു ചിലർക്ക് താൽപര്യം.

എന്റെ കടൽ തീരം
വൈകുന്നേരങ്ങളിൽ
ഇങ്ങനെയൊക്കെയാണ്
എങ്കിലും...

ഈ ആരവങ്ങൾക്കൊക്കെ കാതോർക്കാതെ, എന്നാൽ ജ്വലിക്കുന്ന കണ്ണുകളുമായി ഒരു മദ്ധ്യവയസ്കൻ എന്നും അവിടെ വന്നിരിക്കുന്നത് കാണാൻ തുടങ്ങിയിട്ട് കുറച്ച് കാലമായി...

ഇന്നലെയാണ് അദ്ദേഹത്തെ അടുത്തറിയാൻ അവസരം കിട്ടിയത്. എന്നും ഇവിടെ വന്ന് തനിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ മനസ്സിൽ നിറയെ തന്റെ പ്രിയ മകനാണ്. ആ കണ്ണുകൾ തിരയുന്നത് അവനെ തന്നെയാണ്. നശ്വരമായ ഈ ലോകത്ത് നിന്നും യാത്ര പിരിഞ്ഞ മകന്റെ വേർപാട് എത്ര കണ്ട് ബോദ്ധ്യപ്പെടുത്തിയിട്ടും ആ സ്നേഹ നിധിയായ പിതാവിന്റെ മനസ്സ് ഇനിയും തയ്യാറായിട്ടില്ല സത്യം ഉൾകൊള്ളുന്നതിനായിട്ട്.

വളരെ ഇടറിയ ശബ്ദത്തിലാണ് ഞാനത് കേട്ടത്.പലരും എന്നെ വിലക്കിയതായിരുന്നു പക്വത എത്താത്ത മക്കൾക്ക് മോട്ടോർ സൈക്കിൾ വാങ്ങിക്കൊടുക്കുന്നതിനെ

എന്നിട്ടും ഞാൻ........

വാക്കുകൾ അവിടെ മുറിഞ്ഞു, അവരുടെ കവിളിലൂടെ ഒലിച്ചിറങ്ങുന്ന കണ്ണുനീർ എന്നെയും കരയിച്ചു. പത്താം ക്ലാസിലെ മകന്റെ ഉന്നത വിജയത്തിൽ സന്തോഷം പങ്കുവെച്ചതായിരുന്നു. മകന്റെ ആഗ്രഹപ്രകാരം ഉയർന്ന സി സി യുള്ള, ഉയർന്ന വിലയുള്ള ബൈക്കായിരുന്നു വാങ്ങി നൽകിയത്. അമിത വേഗത്തിൽ പോകവേ അകലെ കണ്ട പോലീസ് പരിശോധന ഭയന്ന് വെട്ടിച്ചു തിരിക്കാൻ ശ്രമിച്ചതായിരുന്നു, വെപ്രാളത്തിൽ പിറകിൽ വന്ന ചരക്ക് ലോറി കണ്ടില്ല....

മക്കളുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും മുറ തെറ്റാതെ നിറവേറ്റിക്കൊടുത്തിരുന്ന ആ പിതാവിന് തന്റെ പ്രിയ മകനെ നഷ്ടപ്പെടുത്തിയതും ഈ അമിത സ്നേഹം തന്നെയായിരുന്നു.

മുഹമ്മദ് ശാക്കിർ ടി.പി

**IX G**

# ഉന്നതവിദ്യാഭ്യാസവും കേരളീയ സമൂഹവും

വിദ്യാഭ്യാസ മേഖലയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ കൊച്ചു കേരളം,കുറ്റകൃത്യങ്ങളിലും മനുഷ്യരാശിക്ക് നിരക്കാത്ത പ്രവൃത്തികളിലും ഉന്നതി പ്രാപിച്ചിരിക്കുന്നു.വിദ്യാഭ്യാസം ഏതൊരു പൗരന്റെയും അവകാശമാണെന്ന് നമ്മുടെ സർക്കാറും മാതാപിതാക്കളും മനസ്സിലാക്കിയിരിക്കുന്നു.അതുകൊണ്ട് ഉന്നത വിദ്യാഭ്യാസം നൽകാൻ ശ്രമിക്കുന്നു.എന്നാൽ ഇതിനൊക്കെ വേണ്ടത്ര നിലവാരം പുലർത്താൻ സാധിക്കുന്നുണ്ടോ?

ഓരോ വർഷവും ബിരുധാരികൾ വർദ്ധിക്കുന്നു.യുക്തിപൂർവ്വം ചിന്തിക്കുകയാണെങ്കിൽ ഓരോ വർഷത്തിലും പഠനം പൂർത്തിയാക്കി ഉന്നത വിദ്യാഭ്യാസം നേടിയവരുടെ പട്ടിക നീളുന്നതിനനുസരിച്ച് സമൂഹത്തിൽ സന്തോഷപരമായ ജീവിത സാഹചര്യം കൂടുകയും കുറ്റകൃത്ത്യം കുറയുകയുമല്ലേ വേണ്ടത്.പക്ഷേ ദൈവത്തിന്റെ സ്വന്തം നാട്ടിൽ സംഭവിക്കുന്നത് മറിച്ചാണ്.

ഇവിടെ ആർക്കാണ് പിഴച്ചത്? വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കോ അതോ മാതാപിതാക്കൾക്കോ?അതോ വിദ്യാർത്ഥികൾക്കോ?ഉത്തരം കണ്ടെത്തുവാൻ പ്രയാസമാണ്.ഈ ഒരു സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസത്തോടൊപ്പം സ്വഭാവരൂപികരണവും ഓരോ വിദ്യാർത്ഥിക്കും ലഭ്യമാക്കേണ്ട ആവശ്യകത ഏറിവരുകയാണ്.

പറഞ്ഞുവരുന്നത് നമ്മുടെ കേരളം ഉന്നത വിദ്യാഭ്യാസത്തിൽ മുന്നേറി നിൽക്കുന്ന സംസ്ഥാനമാണ് എന്ന പദവിക്ക് അർഹമാണോ എന്നത് കേരളീയരായ നാം ഒരോരുത്തരും വിശകലനം ചെയ്യേണ്ടതുണ്ട്.ഉന്നത വിദ്യാഭ്യാസത്തിന് നിലവാരവും വിദ്യാർത്ഥികളിൽ സ്വഭാവരൂപീകരണവും സമൂഹത്തിൽ ഗുണകരമായ മാറ്റവും സംഭവിക്കാൻ തുടങ്ങിയാൽ മാത്രമേ നമ്മുടെ കേരളം ശരിക്കും ഉന്നതത്തിലെത്തുകയുള്ളൂ.

ആത്മവിശ്വാസത്തോടെ ഒത്തൊരുമയോടെ സർവ്വഗുണസമ്പൂർണമായ ഒരു സമൂഹത്തെ നമുക്ക് പടുത്തുയർത്താം.


–നജ 9I

# മികവ്







20 വർത്തമാനം KNR



സഞ്ചരിക്കാം പുരോഗതി വന്ന ആ കാലഘട്ടത്തിലേക്ക്





# ജീവചരിത്രം

## എ.പി.ജെ അബ്ദുൽ കലാം (2002-2007)




ഇന്ത്യയുടെ പതിനൊന്നാമത്ത രാഷ്ട്രപതിയായിരുന്നു.അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന ഡോ . എ.പി.ജെ അബ്ദുൽ കലാം. പ്രശസ്തനായ മിസൈൽ സാങ്കേതിക വിദ്യാവിദഗ്ധനും എഞ്ചിനിയറുമായിരുന്നു. 1931 ഒക്ടോബർ 15 ന് തമിഴ് നാട്ടിലെ രാമേശ്വരത്ത് ജനിച്ചു. അദ്ദേഹം " ഇന്ത്യയുടെ മിസൈൽ മനുഷ്യൻ " എന്ന പേരിൽ അറിയപ്പെടുന്നു. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടിണ്ട്. അദ്ദേഹം ഒരു സാങ്കേതിക വിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെ കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാടുള്ള രാഷ്ട്ര തന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. 2015 ജൂലൈ 27 ന് 84ാം വയസ്സിൽ അദ്ദേഹം ഷില്ലോങ്ങിൽ അന്തരിച്ചു.

**-നിഹാല എ.വി**

**9.E**

# മനുഷ്യനെ കവരുന്ന ലഹരി




ദു:ഖം ശമിപ്പിക്കാനും സന്തോഷം പങ്കുവയ്ക്കാനും ഏവരും മദ്യത്തെ കൂട്ടു പിടിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാമിന്ന് ജീവിക്കുന്നത്. മദ്യ വില്പനയിൽ പ്രതെകിച്ച് ഓണത്തിനും ക്രിസ്തുമസിനും ബിവറേജ് കോർപ്പറേഷന്റെ ഏത് ശാഖയാണ് മുൻപന്തിയിൽ നിൽക്കുന്നതെന്ന് ടെലിവിഷൻ ചാനലുകളും പത്രമാധ്യമങ്ങളും കണക്കെടുപ്പ് നടത്തുമ്പോൾ ലോകകപ്പ് ഫുട്ബോൾ മത്സരത്തിൽ കിരീടം നഷ്ടപ്പെട്ട ടീമിനെപ്പോലെ ഒന്നാം സ്ഥാനം തിരിച്ചുപിടിക്കാൻ ബിവറേജ് കോർപ്പറെഷനു മുന്നിൽ വെയിൽ കൊണ്ട് നിൽക്കുന്നവരിൽ മുന്തിയ പങ്കും യുവാക്കളാണ് എന്ന വസ്തുത നാമേവരും തിരിച്ചറിയുന്നുണ്ട്. എന്തും ആഘോഷമാക്കുന്ന നമ്മുടെ നാട്ടിൽ പിറന്നാളിന് സന്തോഷം പങ്കുവയ്ക്കാൻ കുറച്ച് വൈൻ കഴിച്ച് പിന്നെ ബിയറിലേക്ക് മാറി പിന്നാടങ്ങോട്ട് വീരമുള്ള മദ്യം പോലും മതിയാവാതെ വരുന്ന ഒരു തലമുറയ്ക്ക് പിഴക്കുന്നതെവിടെയെന്ന് നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

മദ്യത്തിന് മണമുണ്ട്, അലെങ്കിൽ വീര്യം പോര അതിനാലിനി കഞ്ചാവും ബ്രൗൺഷുഗറും പോലുള്ള ലഹരി വസ്തുക്കളാവാം എന്ന് ചിന്തിക്കുന്ന യുവജനങ്ങളെ മാറ്റിയെടുക്കേണ്ട വലിയ ഉത്തരവാദിത്യം എല്ലാദേശസ്നേഹികൾക്കും പുരോഗമനവാദികൾക്കുമുണ്ട്.ഇവിടെ നമ്മുടെ ഈ കൊച്ചു കേരളത്തിൽ പോലും കൊച്ചിയുൾപ്പെടയുള്ള നഗരങ്ങൾ മയക്കുമരുന്നിന്റെ പിടിയിലാണ് എന്നൊരു യാഥാർത്ഥ്യമാണ്. സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ചുള്ള മയക്കുമരുന്നു വിപണനം ഇന്ന് നാട്ടിൽ പുറങ്ങളിൽ പോലും സജീവമാക്കുന്നു. കവർച്ചയും അക്രമവും തുടങ്ങി പലതര അക്രമങ്ങളിൽ യുവാക്കൾ പങ്കാളികളാവുന്ന ഏതൊരു സദാചാര വിരുദ്ധ പ്രവർത്തനമാണെങ്കിലും അതിലേക്ക് വരെ നയിക്കുന്ന പ്രേരകശക്തി മദ്യവും മയക്കുമരുന്നുമാണ്.

ജനനവും മരണവും ഹർത്താലും ബന്ദും മറ്റും വിശേഷ ദിവസങ്ങളും എന്തിനേറെ സൗഹൃദം പോലും ഒരാഘോഷമാക്കുന്ന യുവതലമുറ ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാം കൊഴുപ്പിക്കാൻ മധുരിക്കുന്ന ഓർമ്മയാക്കാൻ മദ്യത്തിനും മയക്കുമരുന്നിനും പുറകെ പോകുമ്പോൾ വഴിയാധരമാകുന്നത് അവരുടെ കുടുംബങ്ങളാണ്, തകരുന്നത് ഒരു രാജ്യത്തിന്റെ പ്രതീക്ഷയാണ്. മനസ്സിനും ശരീരത്തിനും ആരോഗ്യമുള്ള ഒരു ജനതയെയാണ് കരുത്തരായ അധ്വാനശീലരായ യുവാക്കളുള്ള ഒരിന്ത്യയാണ് നമുക്ക് വേണ്ടതാ . അതിനുള്ള പരിശ്രമത്തിൽ നമുക്കൊന്നിച്ച് കൈക്കോർത്ത് മുന്നേറാം.

**AYSHATHU RAZMINA K P**

**IX J**

# ശത്രുക്കളല്ല  ശത്രുക്കളാകുന്നത്.......

ശത്രുക്കളല്ല  ശത്രുക്കളാകുന്നത്
മിത്രഭാവത്തോടരികെ  മരുവിന
ശത്രുക്കൾ  ശത്രുക്കളാകുന്നതേവനും
മൃത്യുവരുത്തുമവരെന്ന്  നിർണ്ണയം
അദ്ധ്യാത്മരാമായണം



പയ്യന്നൂർ കാഞ്ഞങ്ങാട് ദേശീയപാതയുടെ ഓരത്ത്,ഓണക്കുന്ന് ബസ് സ്റ്റോപ്പിനരികിലായി ഒരു നാട്ടുമാവുണ്ട്.

മുൻതലമുറയിലെ ഏതോ സുമനസ്സിന്റെ പുണ്യം ചെയ്ത വിരലുകളാൽ പാകിയതാകാം, പറവകളേതോ ഭൂമിക്ക് സമ്മാനിച്ച വിത്ത്താനേ കിളിർത്തത് പ്രകൃതി താലോലിച്ച് വളർത്തിയതാകാം,ദേശീയപാതയുടെ അതിരുകൾക്കുള്ളിലായതിനാൽ മഴുവിന്നിരയാകാതെ രക്ഷപ്പെട്ടു.ശാഖോപശാഖകൾ നീട്ടിവളർന്നു പന്തലിച്ചുതണലേകി,കുളിരേകി,ചേക്കേറാനിടമേകി,കാലം തെറ്റാതെ തേൻകനികൾ കാഴ്ചവെച്ച് തന്റെ നിയോഗം പൂർത്തിയാക്കിയിരിക്കുന്നു.ഈ നാട്ടുമാവ്.

അടുത്ത കാലം വരെ ഒരു പൈൻ മുത്തച്ഛനും,കലപില വർത്തമാനം പറഞ്ഞ്,ചിണുങ്ങി സ്വൈരം കെടുത്തുന്ന അരയാലുമുണ്ടായിരുന്നു, സമീപത്തുതന്നെ.ഈ അടുത്ത കാലവർഷക്കാറ്റിൽ അരയാൽ കടപുഴകി വീണു.ഉറ്റവരും ഉടയവരും വിടപറഞ്ഞു പിരിഞ്ഞശേഷം മാവുമുത്തശ്ശി പൂക്കുകയോ തളിർക്കുകയോ ചെയ്തിട്ടില്ല...

*THABSHEERA. MUTHALIB*

# ജോർജ് സൈമൺ ഓം

(1789-1854)



ജോർജ് സൈമൺ ഓം

അറിയപ്പെടുന്ന ജർമൻ ഭൗതിക

ശാസ്ത്രജ്ഞനാണ്. എർലാൻജൻ യൂണിവേഴ്സിററിയിൽ ഗണിത അധ്യാപകനായി നിയമിതനായ ഓം പിന്നീട് മ്യൂണിക് യൂണിവേഴ്സിററിയിൽ ഊർജതന്ത്രം വിഭാഗത്തിലെ പ്രൊഫസർ ആയി നിയമിതനായി.

പൊട്ടൻഷ്യൽ വ്യത്യാസം, കറന്റ്,പ്രതിരോധം എന്നിവ തമ്മിലുള്ള ബന്ധം കണ്ടെത്തി.ഇത് ഓം നിയമം എന്ന പേരിൽ അറിയപ്പെട്ടു.ഇദ്ദേഹത്തിനോടുള്ള ആദരസൂചക മായി പ്രതിരോധത്തിന്റെ യൂണിററ് ഓം എന്ന പേര് നൽകിയിരിക്കുന്നു.

സാബിദ എസ്.എം.പി

**IX.A**

# പ്രതീക്ഷകൾ മങ്ങുകയാണ്

പ്രതീക്ഷകൾ മങ്ങുകയാണ്
ഉദിക്കാനൊരു സൂര്യൻ ബാക്കി-
യുണ്ടെന്നറിയുമ്പോൾ,
വിടരാനൊരു സുമം കാത്തിരിപ്പു-
ണ്ടെന്നറിയുമ്പോൾ,
എഴുതാൻ ഇനിയുമൊരു കവിത നീക്കിവെ-
ച്ചിരിക്കുന്നുവെന്നറിയുമ്പോൾ,
പ്രതീക്ഷകൾ മങ്ങുകയാണ്;

തഴുകുന്ന കാറ്റിൽ നിന്റെ സ്പർശനമുണ്ടെന്നറിയെ,
രാത്രിമഴയിൽ സാന്ത്വനമുറവെടുക്കുന്നുണ്ടെന്നറിയെ,
പ്രതീക്ഷകൾ മങ്ങുകയാണ്.

-ഹിബ ആയിഷ